LIBRARY ARCHIVES Kerala Legislative Assembly

വള്ളിക്കുന്നം സെക്ഷൻ ഓഫീസ്

106 (473) ശ്രീ. ആർ. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മാവേലിക്കര മണ്ഡലത്തിൽ വള്ളിക്കുന്നം ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള തടസ്സങ്ങൾ പരിഹരിച്ച് പ്രവർത്തനം തുടങ്ങുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദമാക്കുമോ ;

(ബി) മാവേലിക്കര നിയോജകമണ്ഡലത്തിലെ ഇലക്ട്രിക്കൽ സെക്ഷൻ ആഫീസുകളിലെ ഉപഭോക്താക്കളുടെ വിശദവിവരം ലഭ്യമാക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികം ആവുകയും ചെയ്യുന്ന സാഹചര്യത്തിൽ ആണ് സാധാരണഗതിയിൽ വൈദ്യുതി ബോർഡ് പുതിയ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് അനുവദിക്കുന്നത്. നിലവിലുള്ള കൃഷ്ണപുരം, ചാരുംമൂട്, കറ്റാനം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകൾ വിഭജിച്ച് വള്ളിക്കുന്നം സെക്ഷൻ ഓഫീസ് രൂപീകരിക്കുന്നതിനുള്ള പ്രൊപ്പോസൽ വൈദ്യുതി ബോർഡ് പരിശോധിച്ചിരുന്നുവെങ്കിലും പ്രസ്തുത മാനദണ്ഡങ്ങളിൽ ഉൾപ്പെടാത്തതിനാൽ വള്ളിക്കുന്നത്ത് സെക്ഷൻ ഓഫീസ് ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം പദ്ധതി

107 (474) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഊർജ്ജ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഇൻറഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം പ്രകാരം തൃശ്ശൂർ ജില്ലയിലെ കുന്നംകുളം സബ്-സ്റ്റേഷന്റെ നവീകരണത്തിന് 6.5 ലക്ഷം രൂപയുടെയും കൊങ്ങന്നൂർ 33 കെ. വി സബ് സ്റ്റേഷന്റെ നവീകരണത്തിന് 195 ലക്ഷം രൂപയുടെയും പ്രൊപ്പോസലുകൾ തയ്യാറാക്കിയിരുന്നുവോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.